# പഴയനിയമത്തിലെ രണ്ടു വലിയ മാറ്റങ്ങൾ.

സാക് പുന്നൻ

WFTW 07 ഏപ്രിൽ 2012

പഴയനിയമത്തിൽ വളരെ വിശദമായി വിവരിച്ചിട്ടുള്ള യിസ്രായേലിൻറെ രണ്ടു മാറ്റങ്ങളുണ്ട്.

നമ്മുടെ വ്യക്തി ജീവിതത്തെ സൂചിപ്പിക്കുന്നതാണ് ഈജിപ്റ്റിൽ നിന്നും കനാനിലെക്കുള്ള മാറ്റം. ക്രിസ്തുവിൻറെ രക്തത്താലും ജലസ്നാനത്താലും പരിശുദ്ധാത്മസ്നാനത്താലും പാപത്തിൽനിന്നും, സാത്താൻറെ പിടിയിൽനിന്നും, ലോകത്തിൽനിന്നും പുറത്തേയ്ക്കു വന്നു, പാപത്തിന്മേലുള്ള ജയവും ദൈവത്തോടുകൂടിയുള്ള നടപ്പും സാദ്ധ്യമാക്കിത്തീർത്ത ഒരു ജീവിതത്തിലേയ്ക്ക് വന്ന മാറ്റം.

ബാബിലോണിൽനിന്നും യേരുശലേമിലേയ്ക്കുള്ള മാറ്റം നമ്മുടെ പൊതു ജീവിതത്തെ സൂചിപ്പിക്കുന്നു. വ്യാജമായ ക്രിസ്തീയത വിട്ടു ക്രിസ്തുവിൻറെ ശരീരമാകുന്ന സഭയെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് വരുന്നതാണത്.

പല ക്രിസ്ത്യാനികളും കരുതുന്നത് ബാബിലോൺ എന്നത് ഏതോ ചില ക്രിസ്തീയ വിഭാഗങ്ങളാണെന്നാണ്. എന്ന് മാത്രമല്ല അത്തരം നിർജ്ജീവക്കൂട്ടങ്ങൾ വിട്ടു പുറത്തുവന്ന തങ്ങൾ ബാബിലോൺ വിട്ടു എന്നും അവർ കരുതുന്നു. എന്നാൽ ഇത് ശരിയല്ല.

ബാബിലോൺ എന്നത് ഒരു വാണിജ്യ വ്യവസ്ഥയാണ്. എല്ലാ വാണിജ്യവ്യവസ്ഥകളുടേയും പ്രമാണം ലാഭമുണ്ടാക്കുക എന്നത് മാത്രമാണ്. 'ക്രിസ്തീയതയിലൂടെ വ്യക്തിപരമായ ലാഭം' എന്ന പ്രമാണമനുസരിച്ചു ഒരു മനുഷ്യൻ ജീവിക്കുകയും ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുക വഴി 'തനിക്കെന്തു കിട്ടും', ഏതെങ്കിലും സഭയിലോ പ്രസ്ഥാനത്തിലോ ചേരുക വഴി 'തനിക്കെന്തു കിട്ടും' എന്നിങ്ങനെ ചിന്തിക്കുകയും ചെയ്യുന്നുവെങ്കിൽ അയാള് ബാബിലോണിൻറെ പ്രമാണത്താൽ ഉത്സാഹിപ്പിക്കപ്പെടുന്നവനാണ്. ഒരു ക്രിസ്ത്യാനി, അവൻ ലോകത്തിലെ ഏറ്റവും നല്ല ഒരു സഭാവിഭാഗത്തിലാണെങ്കിലും ജഡത്തെ അനുസരിച്ച് ജീവിക്കുകയും, സ്വന്ത കാര്യം മാത്രം നോക്കി ജീവിക്കുകയും ചെയ്യുന്നവനാണെങ്കിൽ അയാള് ബാബിലോണിൻറെ ഭാഗമായിരിക്കും. ബാബിലോണിൻറെ ആത്മാവ് പ്രാഥമീകമായും ഒരു വ്യക്തിയിലാണ് കാണപ്പെടുന്നത്. അല്ലാതെ ഒരു സഭാവിഭാഗത്തിലല്ല.

യെരുശലേം ത്യാഗത്തിൻറെയും സമർപ്പണത്തിൻറെയും പട്ടണമാണ്. അതിൻറെ ആത്മാവ് ബാബിലോണിൻറെ വ്യാപാര ആത്മാവിനു നേരെ വിപരീതമായിട്ടുള്ളതാണ്. ദാവീദിൻറെ ഈ വാക്കുകളിൽ കാണുന്നതാണ് അതിൻറെ ആത്മാവ് 'എനിക്ക് യാതൊരു ചെലവും ഇല്ലാതെ ഞാൻ യാഹോവയ്ക്ക് ഹോമയാഗങ്ങൾ അർപ്പിക്കുകയില്ല' (2 ശമുവേൽ 24:24).

'സ്വർഗ്ഗീയ യെരുശലേം' എന്ന ക്രിസ്തുവിൻറെ ശരീരം പണിയപ്പെടണമെങ്കിൽ ദൈവത്തിൻറെ മഹത്വത്തെക്കുറിച്ച് മാത്രം ഭാരപ്പെടുന്ന നിസ്വാർത്ഥമായ ഒരാത്മാവ് ആവശ്യമാണ്. അത്തരം ആത്മാവുള്ള ഒരാളെ ചിലപ്പോൾ ഒരു നിർജ്ജീവ കൂട്ടത്തിൽ ആയിരിക്കും കാണുക. യെരുശലേമിൻറെ ആത്മാവ് ഒന്നാമത് അകമെയുള്ളതാണ്, അല്ലാതെ പുറമേയുള്ളതല്ല.

ക്രിസ്തുവിൻറെ ശരീരം പണിയുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ത്യാഗത്തിൻറെ പ്രമാണം മനസ്സിലാക്കിയിട്ടുള്ളവരെ ഒരുമിച്ചു കൂട്ടുകയെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അല്ലാത്തപക്ഷം പഴയതുപോലെ തന്നെയുള്ള ഒരു സംവിധാനമായിരിക്കും നാം പണിയുക. അതാണ് ഇന്ന് 'വേർപെട്ട കൂട്ടങ്ങൾ' എന്ന് വിളിക്കപ്പെടുന്ന പലതിലും സംഭവിച്ചിരിക്കുന്നത്. അവ മറ്റു പ്രമുഖ സഭാവിഭാഗങ്ങളേക്കാൾ നിർജ്ജീവക്കൂട്ടങ്ങൾ ആയിരിക്കുന്നു.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)